<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2561</u> <u>24-06-2024 - ൽ മറുപടിയ്ക്ക്</u>

<u>ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിറവം മണ്ഡലത്തിൽ പുതിയതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിറവം മണ്ഡലത്തിൽ പുതിയതായി 1821 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | യൂണിറ്റുകളുടെ എണ്ണം | ലഭ്യമായ തൊഴിലവസരങ്ങൾ | നിക്ഷേപ തുക (കോടിയിൽ) |
|---|---|---|---|
| ഉൽപ്പാദന മേഖല | 399 | 1244 | 52.99 |
| സേവന മേഖല | 687 | 1497 | 57.87 |
| വ്യാപാര മേഖല | 735 | 1329 | 51.87 |
| **ആകെ** | **1821** | **4070** | **162.73** |

| | | | |
|---|---|---|---|
| (ബി) | ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക് പിറവത്ത് സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ഐ.ഡി.സി. മുഖേന ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം 100 ഏക്കർ ഭൂമി ആമ്പല്ലൂർ വില്ലേജിൽ ഏറ്റെടുക്കുന്നതിനായി 2014-ൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് കെ.എസ്.ഐ.ഡി.സി 11.87 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും 9.188 ഏക്കറിന് 50% തുക മുൻകൂർ നൽകുകയും ചെയ്തു.<br><br>10.03.2020 ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത പാർക്കിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ അനുയോജ്യത സംബന്ധിച്ച് ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തുവാൻ നിർദ്ദേശിക്കുകയും എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം പദ്ധതി പ്രദേശം ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി പദ്ധതിക്കായി ഏറ്റെടുത്ത മൊത്തം സ്ഥലം 21.05 ഏക്കർ ഭൂമി (രജിസ്ട്രേഷൻ പൂർത്തീകരിച്ചത് 11.8 ഏക്കർ, 50% മുൻകൂറായി നൽകിയിട്ടുള്ളത് 9.18 ഏക്കർ ഭൂമി) അക്വാ പാർക്ക്/അക്വാ കൾച്ചർ പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി മത്സ്യബന്ധന വകുപ്പിന് മന്ത്രിസഭാ യോഗതീരുമാനത്തിന് വിധേയമായി കൈമാറുന്നതിന് ബഹു. നിയമ-വ്യവസായ-കയർ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 20.04.2023 ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചു.<br><br>50% മുൻകൂർ തുക നൽകിയതിൽ 3.495 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും ബാക്കി 5.693 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ പദ്ധതിയ്ക്കായി എറണാകുളം സ്പെഷ്യൽ തഹസിൽദാർ (ലാന്റ് അക്വിസിഷൻ ജനറൽ) -ന്റെ പക്കൽ അവശേഷിക്കുന്ന തുക ഇലക്ട്രോണിക് ഹാർഡ് വെയർ പ്രോജക്ടിനായി ആമ്പല്ലൂരിലോ സമീപ പ്രദേശങ്ങളിലോ വിശദ പഠനത്തിനു ശേഷം അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് വിനിയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് എറണാകുളം ജില്ലാകളക്ടർ, കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നിലവിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (സി) | മേൽ (ബി) പിരിവിനുള്ള മറുപടി കണ്ടാലും |
| (ഡി) | ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക് പിറവത്ത് ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | മേൽ (ബി) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ